പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഇല്ല. എന്നാൽ കപാളിഫൈഡ് റൂറൽ മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് കേരളയിൽനിന്നും ഒരു നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

(ബി) മേൽപറഞ്ഞ നിവേദനത്തിൻെറ ഒരു പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തീരുമാനമെടുക്കുന്നതിന് ഹെൽത്ത് സർവ്വീസ് ഡയറക്ടറുടേയും, മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൻേറയും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയൂ.

ആയുർവ്വേദ ഔഷധനിർമ്മാണം

*712 [774] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധനിർമ്മാണത്തിന് ഇന്ന് എന്തെല്ലാം ലൈസൻസുകളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഇത് നടപ്പാക്കുന്നത് ഏത് ഡിപ്പാർട്ടുമെൻറാണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഡ്രഗ്സ് ആൻറ് കോസ്മെറ്റിക് നിയമവും (1940) അതിൻെറ റൂളും (1945) പ്രകാരം വില്പനക്കായി നിർമ്മിക്കുന്ന ആയുർവ്വേദ ഔഷധ നിർമ്മാതാക്കൾ ലൈസൻസ് എടുക്കേണ്ടതാണ്. കൂടാതെ മെഡിസിനൽ ആൻറ് ടോയിലറ്റ് പ്രിപ്പറേഷൻ റൂൾ പ്രകാരം ആൽക്കഹോൾ, കറുപ്പ്, മറ്റ് ലഹരി സാധനങ്ങൾ അടങ്ങിയിട്ടുള്ള ആയുർവ്വേദ ഔഷധനിർമ്മാണത്തിനും ലൈസൻസ് എടുക്കേണ്ടതാണ്.

(ബി) ഡ്രഗ്സ് ആൻറ് കോസ്മെറ്റിക് ആക്ടും റൂളും പ്രകാരം ലൈസൻസ് നൽകുന്നത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെൻറും മെഡിസിനൽ ആൻറ് ടോയിലറ്റ് പ്രിപ്പറേഷൻ റൂൾ പ്രകാരം ലൈസൻസുകൾ നൽകുന്നത് എക്സൈസ് ഡിപ്പാർട്ടുമെൻറുമാണ്.

പിരിച്ചുവിടപ്പെട്ട മലേറിയ ഫീൽഡ് വർക്കേഴ്സ്

*713 [775] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരിച്ചുവിടപ്പെട്ട മലേറിയ ഫീൽഡ് വർക്കേഴ്സിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു;

---

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly